## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

05.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 610

### വ്യവസായ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ.രാജേഷ്** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സർക്കാർ തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സംരംഭകർക്കുള്ള അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്റ്റ് നിലവിൽ വന്നു.<br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികൾക്ക് ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ , വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് ഒരു ഓൺലൈൻ |
| (ബി) | വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും ( വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം ) നടപ്പിലാക്കി വരുന്നു. പ്രസ്തുത ഏകീകൃ അപേക്ഷാ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈൻ ആയി ലഭ്യമാകുന്നതാണ്,<br>സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ് മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ ((IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.<br>സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾ മൂലം കേരളത്തിലെ നിലവിലുള്ള വ്യവസായ സംരംഭകർക്കും, നവസംരംഭകർക്കും അനായാസം നിക്ഷേപം നടത്തുവാനും അതുവഴി കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും സാധിക്കുന്നതാണ്.<br>ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആകർഷകമായ സാമ്പത്തിക പാക്കേജുകൾ, നിക്ഷേപകർക്കുള്ള വഴികാട്ടൽ തുടങ്ങിയ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കിക്കൊണ്ട് സർക്കാർ സംസ്ഥാനത്ത് നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ലക്ഷ്യം വയ്ക്കുന്നു. ആകർഷണീയമായ നിക്ഷേപകേന്ദ്രമാകുന്നതിലൂടെ സാമ്പത്തികവും, വ്യാവസായി |

| | | | |
|---|---|---|---|
| | | | കവുമായ വളർച്ച കൈവരിക്കുക, സംരംഭക സമൂഹം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോട്ടുകൂടി സംസ്ഥാന സർക്കാർ നിക്ഷേപസൗഹൃദമായ ഒരു വ്യവസായ വാണിജ്യനയം വിഭാവനം ചെയ്തിട്ടുണ്ട്.<br>പുതിയ കരട് വ്യവസായ നയത്തിലെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലൂടെയും , വ്യവസായ പാർക്കുകളിലൂടെയും ബഹുനില വ്യവസായ സമുച്ചയങ്ങളിലൂടെയും, സൂക്ഷ്മ ചെറുകിട – ഇടത്തരം വ്യവസായങ്ങൾക്കും, വൻകിട വ്യവസായങ്ങൾക്കും അടിസ്ഥാന സൗകര്യം ലഭ്യമാക്കും.<br>2. വ്യവസായ എസ്റ്റേറ്റുകളിൽ അനുവദനീയമായ സ്ഥലത്ത് 5% പ്രവാസികൾക്കായി സംവരണം ചെയ്യും.<br>3. സംസ്ഥാന ദേശീയപാതകൾക്കനുബന്ധമായി പ്രത്യേക സാമ്പത്തിക മേഖലയുടെ സവിശേഷതകളുള്ള വ്യവസായ ഇടനാഴികൾ സ്ഥാപിക്കും.<br>4. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ക്ലസ്റ്റർ വികസന നയം സ്വീകരിക്കുകയും അവയുടെ ഉല്പാദനക്ഷമതയും മത്സരക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യും.<br>5. ഉൽപ്പാദന മേഖലയിലുള്ള വ്യവസായങ്ങൾക്ക് 15 മുതൽ 20% വരെനിരക്കിൽ പരമാവധി 30 ലക്ഷം രൂപവരെ വായ്പ അനുവദിച്ചും താഴെത്തട്ടിൽ നിന്നുതന്നെ വ്യവസായ അന്തരീക്ഷം പ്രോത്സാഹിപ്പിച്ചും ഗാർഹിക നാനോ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കും.<br>6. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് 15 % വരെ വിലയിൽ മുൻഗണന അനുവദിക്കും.<br>7. കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനായി ഇ-കൊമേഴ്സ് പോർട്ടലുകൾ ആരംഭിക്കും.<br>8. ദേശീയ അന്താരാഷ്ട്ര വിപണന മേളകളിൽ |

| | | | |
|---|---|---|---|
| | | | പങ്കെടുക്കാൻ അവസരം ഒരുക്കി ചെറുകിട ഇടത്തരം മേഖലയിലെ ഉൽപ്പന്നങ്ങളിലെ വിപണനത്തിലുള്ള അവസരമൊരുക്കും.<br>9. സ്കൂൾ യൂണിഫോമുകൾക്ക് കൈത്തറി തുണി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും .<br>10 അസംസ്കൃത മുളയിൽ നിന്നും വ്യവസായിക അടിസ്ഥാനത്തിൽ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കും.<br>11. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവും പുനരുജ്ജീവനവും നടപ്പിലാക്കും.<br>12. സംരംഭകത്വവികസന പ്രവർത്തനങ്ങൾ കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ ഒരു കുടക്കീഴിൽ നടപ്പിലാക്കും.<br>13. സ്റ്റാർട്ടപ്പ് സംരംഭകർക്ക് പരമാവധി 25 ലക്ഷം രൂപ വരെയോ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 90 % മോ (ഏതാണോ ചെറുത്) സീഡ് ക്യാപിറ്റൽ അസിസ്റ്റന്റായി ലഭ്യമാക്കും.<br>14. പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് നോളജ് - ഹബ് - ഇൻകുബേറ്ററുകൾ സ്ഥാപിക്കും.<br>15 നൂതന ഉൽപ്പന്ന നിർമ്മാണവും , വിപണനവും വിദ്യാഭ്യാസ വ്യവസായ മേഖലകളുടെ സംയോജിത പ്രവർത്തനത്തിലൂടെ നടപ്പാക്കും.<br>16. നിലവിലെ പ്രമുഖ സംരംഭകരെ സംസ്ഥാനത്തേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള അംബാസഡർമാരായി നിയമിക്കും.<br>17. വ്യവസായ നിക്ഷേപകരെ സംരക്ഷിക്കുന്നതിനും , വിവിധ വകുപ്പുകളുമായും. തദ്ദേശ സ്ഥാപനങ്ങളുമായുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പുസെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിക്കും. |

Bindu T

**സെക്ഷൻ ഓഫീസർ**